(സി) പോലീസ് പീഡനത്തെ തുടർന്നല്ല രാജീവ് ആത്മഹത്യ ചെയ്തത്. നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1265/15 u/s 174 CrPc പ്രകാരമുള്ള കേസിന്റെ അന്വേഷണത്തിൽ മരണപ്പെട്ട രാജീവ് ഇടയ്ക്കിടയ്ക്ക് മദ്യപിച്ച് ബഹളമുണ്ടാക്കുന്നത് സംബന്ധിച്ച് ബന്ധുക്കൾ ഉപദേശിച്ചതിലും മറ്റുമുള്ള മനോവിഷമത്താലാണ് സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതെന്ന് വെളിവായിട്ടുണ്ട്. കൂടാതെ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ "Death due to hanging" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ പോലീസിന്റെ ഭാഗത്തുനിന്നും ടിയാന്റെ കുടുംബത്തിന് യാതൊരുവിധ സാമ്പത്തിക സഹായവും നൽകിയിട്ടില്ല.

കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം

245 (253) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി നിലവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ; തുക അനുവദിച്ച് ഉത്തരവായത് എന്നാണ് ;

(ബി) പ്രസ്തുത ആസ്ഥാന നിർമ്മാണത്തിനാവശ്യമായ ഭൂമി ആഭ്യന്തര വകുപ്പിന് ലഭ്യമായി ഉത്തരവായത് എന്നാണ് ;

(സി) റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്തോ ; ആർക്കാണ് നിർമ്മാണ ചുമതല ;

(ഡി) ആസ്ഥാന മന്ദിരം നിർമ്മിക്കാൻ ലഭ്യമായ സ്ഥലത്ത് എന്തെല്ലാം സംവിധാനങ്ങൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) 2011-12-ലെ MoPF സ്കീമിൽപ്പെടുത്തി 150 ലക്ഷം രൂപ കൊല്ലം റൂറൽ പോലീസ് ഓഫീസ് നിർമ്മാണത്തിനായി 18-3-2012-ൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ പോലീസ് വകുപ്പിന് വേണ്ടിയുള്ള മറ്റ് അടിയന്തര നിർമ്മാണ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 15-9-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 451/2015/റവന്യൂ പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നമ്പർ 222/11, 222/16, 222/22, 222/23 എന്നിവയിൽപ്പെട്ട ജലസേചന വകുപ്പിന്റെ വക ഭൂമി കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി&ഡി) കെ.പി.എച്ച്.സി.സി.-ക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്. ഇതിലേയ്ക്കായി പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്നമുറയ്ക്കുമാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പോലീസ് നിരീക്ഷണ ക്യാമറ സംവിധാനം

246 (254) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ആഭ്യന്തര വകുപ്പ് റോഡുകൾ, പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഏതെല്ലാം കമ്പനികളുടെ എത്ര ക്യാമറകൾ സ്ഥാപിച്ചു ; ഇതിനായി ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഇവയിൽ പ്രവർത്തനക്ഷമമായുള്ള എത്ര ക്യാമറകൾ ഉണ്ടെന്നും പ്രവർത്തനരഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരം ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് കൂടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും എത്ര രൂപയുടേതാണെന്നും വ്യക്തമാക്കുമോ ;

(ഡി) 9 ജില്ലകളിൽ പോലീസിന്റെ നഗരനിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ ; എങ്കിൽ എന്താണ് കാരണം ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം ക്യാമറ സ്ഥാപിച്ചതുവഴി എത്ര കുറ്റവാളികളെ ഈ സർക്കാർ കാലയളവിനുള്ളിൽ പിടികൂടുവാൻ സാധിച്ചു; വിശദമാക്കുമോ ;

(എഫ്) ഇത്തരം ക്യാമറകളുടെ തകരാർ തീർക്കുന്നതിന് നടപടിയെടുക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly